"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശത്ത് താമസിക്കുന്ന 7 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്

സ.ഉ.(സാധാ) നം.2563/2024/RD തീയതി,തിരുവനന്തപുരം, 25-10-2024

---

പരാമർശം:- സ.ഉ. (സാധാ) നം. 700/2024/DMD, തീയതി, 07.09.2024.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ XIV വാർഡിലെ കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന 7 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയൊന്നും തന്നെ കൈവശമില്ലാത്തവരും കുടുംബത്തിന് സ്ഥിര വരുമാനമില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കുണ്ടൻചാൽ കോളനി പ്രദേശത്തെ 34 കുടുംബങ്ങളിൽ 7 കുടുംബങ്ങൾ ദുരന്തനിവാരണത്തിന്റെ ഭാഗമായി പ്രസ്തുത പ്രദേശത്തു നിന്ന് പുനരധിവാസത്തിന് സമ്മതമാണെന്ന് മൊഴി അറിയിച്ചിട്ടുള്ളതാണെന്നും ടി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ദുരിതാശ്വാസ ധനസഹായം അനുവദിക്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുണ്ടൻചാൽ പ്രദേശത്ത് നിന്ന് പുനരധിവാസത്തിന് താഴെ കൊടുത്തിരിക്കുന്ന 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും, വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ എന്ന നിരക്കിൽ ആകെ 70 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് മേൽ പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

1. ഗുരുനാഥൻ. എസ്., കുണ്ടൻചാൽ കോളനി
2. ജാനകി. എ, അറിങ്ങളയൻ ഹൗസ്, കുണ്ടൻചാൽ കോളനി
3. ജയശ്രീ. കെ., കല്ലെൻ ഹൗസ്, കുണ്ടൻചാൽ കോളനി
4. രജ്ഞിത്ത്. കെ.വി., കുഞ്ഞിവളപ്പിൽ ഹൗസ്, കണ്ടൻചാൽ കോളനി
5. സീത. കെ., കൊയിലേരിയൻ ഹൗസ്, കുണ്ടൻചാൽ കോളനി
6. ഗോപാലൻ. എം., മടക്കുടിയൻ ഹൗസ്, കുണ്ടൻചാൽ കോളനി
7. രാമകൃഷ്ണൻ. എ, എടച്ചേരിയൻ ഹൗസ്, കുണ്ടൻചാൽ കോളനി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ ഏഴ് കുടുംബങ്ങളെ സ്ഥിരമായി മാറ്റി താമസിപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും പ്രസ്തുത ഭൂമിയിൽ വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും ചേർത്ത് ആകെ **70,00,000/- ലക്ഷം രൂപ** (എഴുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച്

ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന 70,00,000/- **ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം**) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ മേൽപ്പറഞ്ഞ ഏഴ് കുടുംബങ്ങൾക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള തിരവനന്തപുരം)
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 25-10-2024 16:37:32
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി )വകുപ്പുകൾക്ക്
ദുരന്ത നിവാരണ വകുപ്പ് (പരാമർശം പ്രകാരം).